**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾ വഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾ വഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | 2021-22 – ൽ മാവേലിക്കര - ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ മുഖേന നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. (മാവേലിക്കര - 02 എണ്ണം : Rs. 39,00,000/-, ഭരണിക്കാവ് 13 എണ്ണം Rs. 2,20,32,325/-) |
| (ബി) | ഉമ്പർനാട് എസ്. സി. ഐ.ടി.ഐ. യുടെ പുതിയ കെട്ടിടം പൂർത്തീകരിക്കുന്നതിനായി തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | മാവേലിക്കര ഐ റ്റി ഐ യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുകയും തുക പൊതുമരാമത്ത് വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി തുക മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് മതിയാകില്ലെന്നും ഗ്രൗണ്ട് ഫ്ലോർ പൂർണ്ണമായും, ഒന്നാം നിലയുടെ സ്ട്രക്ച്ചറൽ വർക്കും മാത്രമേ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂവെന്നും അറിയിച്ച പൊതുമരാമത്ത് വകുപ്പ് രണ്ടും മൂന്നും നിലകളുടെ നിർമ്മാണത്തിന് 165 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 165 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് DSOR 2016 അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാകയാൽ നിലവിലെ നിരക്കുകളിലുള്ള തുക നിജപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മാവേലിക്കര ബ്ലോക്ക് (2021-22)

| | | |
|---|---|---|
| 1 | തഴക്കര പഞ്ചായത്ത് - പയ്യമ്പള്ളിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 15,00,000/- |
| 2 | തെക്കേ പഞ്ചായത്ത് - കോയിക്കലേത്ത് റോഡ് കോൺക്രീറ്റിംഗ് - രവി മഞ്ചേരി വടക്കതിൽ മുതൽ സരോജിനിയമ്മ പള്ളിക്കൽ വീട് വരെ | 24,00,000/- |
| | ആകെ | 39,00,000/- |

## ഭരണിക്കാവ് ബ്ലോക്ക് (2021-22)

| | | |
|---|---|---|
| 1. | ഭരണിക്കാവ് പഞ്ചായത്ത് - വേളങ്ങാട്ട് കോളനി റോഡ് ടാറിംഗ് | 10.54,525/ - |
| 2. | ഭരണിക്കാവ് പഞ്ചായത്ത് - ചെറവള്ളിത്തറ സംരക്ഷണ ഭിത്തി നിർമ്മാണം. | 4,45,000/-- |
| 3. | ഭരണിക്കാവ് പഞ്ചായത്ത് - മുറിയായിക്കൽ കോളനി തോട് സംരക്ഷണ ഭിത്തി നിർമ്മാണം. | 24,00,000/- |
| 4. | ഭരണിക്കാവ് പഞ്ചായത്ത് - പണിക്കവീട്ടിൽ കോളനി ഓട കവറിംഗ് സ്ലാബ് നിർമ്മാണം. | 20,00,000/- |
| 5. | പാലമേൽ പഞ്ചായത്ത് - കണിയാ വടക്കതിൽ വാലുതറ കോളനി - പാലമേൽ സംരക്ഷണ ഭിത്തി നിർമ്മാണം. | 14,36,000/- |
| 6. | പാലമേൽ പഞ്ചായത്ത് - കോട്ടാരത്തിൽ വടക്കതിൽ കോളനി പാലമേൽ റോഡ് കോൺക്രീറ്റിംഗ് | 16,00,000/- |
| 7. | നൂറനാട് പഞ്ചായത്ത് - മിത്രാ നഗർ തേരുവിള കോളനി റോഡ് പുനരുദ്ധാരണം | 9,32,000/- |
| 8. | ചുനക്കര പഞ്ചായത്ത് - വാരിച്ചിറയിൽ കോളനി റോഡ് നിർമ്മാണം - Retaining Wall & Slab | 23,69,000/- |
| 9. | ചുനക്കര പഞ്ചായത്ത് - കറുകശ്ശേരിൽ റോഡ് നിർമ്മാണം - Retaining Wall & Slab | 23,90,000/- |
| 10 | താമരക്കുളം പഞ്ചായത്ത് - താമരക്കുളം നടിൽ വയൽ റോഡ് നിർമ്മാണം - സംരക്ഷണ ഭിത്തിയും സ്ലാബും. | 15,36,800/ |
| 11 | ചുനക്കര പഞ്ചായത്ത് - വിളയിൽ കോളനിതോടിന് സംരക്ഷണ ഭിത്തിയും കവറിംഗ് സ്ലാബും നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കൽ . | 19,40,000/ |
| 12 | ചുനക്കര പഞ്ചായത്ത് - കോട്ടാരത്തിമല കോളനി റോഡ് ടാറിംഗ് കോൺക്രീറ്റിംഗ് സംരക്ഷണ ഭിത്തി നിർമ്മാണം | 14,29,000/- |
| 13 | വള്ളികുന്നം പഞ്ചായത്ത് - മേനി മെമ്മോറിയൽ കോളനി സമഗ്ര വികസനം സംരക്ഷണ ഭിത്തി ഓട നിർമ്മാണം. | 25,00,000/- |
| | **ആകെ** | **2,20,32,325/-** |

സെക്ഷൻ ഓഫീസർ